(ഡി) പ്രൊമോഷന് നിയമാനുസരണം അർഹതയുണ്ടെന്നും എന്നാൽ അനർഹരായ ചില ഫാർമസിസ്റ്റുകളെ പ്രൊമോട്ട് ചെയ്തിരുന്നതായും ഡോ.എസ്.ഡി.ജോയി പരാതി നൽകിയിരുന്നോ ; എങ്കിൽ ഈ പരാതിയിൽ മേൽ എന്തു നടപടി സ്വീകരിച്ചു ;

(ഇ) ഇത് സംബന്ധിച്ച് ഏതെങ്കിലും എം.എൽ.എ. മറുപടി ആവശ്യപ്പെട്ടുകൊണ്ട് ഹോമിയോ ഡയറക്ടർക്ക് കത്ത് നൽകിയിരുന്നോ ; എങ്കിൽ എന്നാണ് എം.എൽ.എ. കത്ത് നൽകിയത് ;

(എഫ്) നാളിതുവരെ എം.എൽ.എ.യുടെ കത്തിന് മറുപടി നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അതെ.

(ബി&സി) ഹോമിയോപ്പതി വകുപ്പ് മൈനർ ഡിപ്പാർട്ട്മെന്റ് ആയതിനാൽ സ്റ്റേറ്റ് പൂൾ പ്രൊമോഷനാണ് നടത്തിവരുന്നത്. ആയതിനാൽ ജില്ലാന്തര സ്ഥലംമാറ്റം നടത്തുമ്പോൾ ജില്ലയിലെ സീനിയോരിറ്റി നഷ്ടപ്പെടുമെങ്കിലും പ്രൊമോഷനുള്ള സീനിയോറിറ്റി നഷ്ടപ്പെടുകയില്ല.

(ഡി) പരാതി നൽകിയിരുന്നു. അത് പരിശോധനയിലാണ്.

(ഇ) ഇതു സംബന്ധമായി ശ്രീ. ആനത്തലവട്ടം ആനന്ദൻ എം.എൽ.എ. 18-1-2001-ൽ ഹോമിയോ ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു.

(എഫ്) ഹോമിയോപ്പതി ഡയറക്ടർ 29-1-2000-ൽ 12015/ഇഎ2/2000/ഡി.എച്ച്.നമ്പർ കത്ത് മുഖേന) എം.എൽ.എ.യ്ക്ക് മറുപടി നൽകിയിട്ടുണ്ട്.

(3) വൈകി കിട്ടിയ ഉത്തരങ്ങൾ

തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ

40(1816) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയിലും സർക്കാർ 1996 മുതൽ നൽകിയിട്ടുള്ള സഹായം എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണ് ;

(സി) ഉൾനാടൻ ജലഗതാഗത സ്പോർട്സിന്റെ ഭാഗമായി തൃപ്രയാറിൽ നടപ്പിലാക്കുന്ന വികസനപദ്ധതികൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തൃപ്രയാറിൽ പുതിയൊരു യാത്രി നിവാസ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ വഴി ടൂറിസം വികസനത്തിന് 1996 മുതൽ ടൂറിസം വകുപ്പ് നൽകിയ ധനസഹായത്തിന്റെ കണക്കുകൾ താഴെച്ചേർക്കുന്നു.

ജില്ല	1996-97	1997-98	1998-99	1999-'00	2000-01
	രൂപ	രൂപ	രൂപ	രൂപ	രൂപ
തിരുവനന്തപുരം	15,13,000	23,96,000	73,01,175	19,11,432	8,37,500
കൊല്ലം	45,25,000	26,80,000	18,03,334	5,00,000	26,90,726
പത്തനംതിട്ട	78,50,000	——	10,00,000	5,00,000	18,06,000
ആലപ്പുഴ	12,00,000	11,75,000	41,60,000	23,76,563	6,21,600
കോട്ടയം	61,00,000	—	—	—	—
എറണാകുളം	11,56,000	33,92,000	16,12,000	—	5,59,482
തൃശൂർ	15,00,000	1,00,000	15,00,000	15,00,000	28,300
പാലക്കാട്	26,00,000	22,75,000	35,50,000	40,32,788	33,48,585
ഇടുക്കി	16,00,000	9,00,000	3,00,000	31,48,730	25,28,959
വയനാട്	23,65,000	23,50,000	1,80,000	45,99,000	25,28,959
മലപ്പുറം	5,00,000	12,00,000	16,95,000	10,39,231	16,25,696
കോഴിക്കോട്	12,50,000	26,95,688	15,93,334	5,00,000	—
കണ്ണൂർ	5,50,000	62,50,000	1,00,45,520	77,91,600	45,26,236
കാസർഗോഡ്	11,93,000	—	—	10,00,000	2,70,000

(ബി) ചേറ്റുവ ടൂറിസ്റ്റ് സെന്ററിന്റെ വികസനം, കനോലികനാലിൽ കായലോര ടൂറിസം വികസനം, വിലങ്ങൻകുന്നിൽ ടൂറിസം വികസനം എന്നീ പുതിയ പദ്ധതികളാണ് തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽവഴി നടപ്പിലാക്കിവരുന്നത്.

(സി) തൃപ്രയാറിൽ ഒരു ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കാൻ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് ധനസഹായം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തൃപ്രയാറിൽ യാത്രിനിവാസ് നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ടൂറിസം വികസനത്തിനായി നടപ്പാക്കിയ പദ്ധതികൾ

41 (1817). ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ടൂറിസം വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം ;

(ബി) ഓരോ ജില്ലകളിലും നടപ്പിലാക്കിയ പദ്ധതികൾ തരംതിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഇതിന് ഓരോ ജില്ലയിലും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം 'എ' ആയി കൊടുത്തിരിക്കുന്നു. †

(ബി&സി) വിശദാംശങ്ങൾ അനുബന്ധം 'ബി' ആയി കൊടുത്തിരിക്കുന്നു.†

ഹിൽ, ലേക്ക് വാട്ടർ, സീ ടൂറിസം മേഖലകളിൽ വികസന പദ്ധതികൾ

42(1818) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ, ലേക്ക്, ബാക്ക്വാട്ടർ, സീ ടൂറിസം മേഖലകളിൽ ഈ സർക്കാർ എന്തൊക്കെ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) സാഹസിക ടൂറിസം വികസനത്തിന്റെ ഭാഗമായി ഗ്ലൈഡിംഗ്, മൗണ്ടനീയറിംഗ്, റോവിംഗ് മുതലായവ എവിടെയൊക്കെ നടപ്പിലാക്കിയിട്ടുണ്ട് ?

(സി) പ്രസ്തുത ഇനങ്ങൾ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹിൽ, ലേക്ക്, ബാക്ക്വാട്ടർ, സീ ടൂറിസം മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികൾ പ്രധാനമായും താഴെപ്പറയുന്നവയാണ്:—

---

†അനുബന്ധം VI A&B

LIBRARY ARCHIVES Kerala Legislative Assembly